ഫോറസ്റ്റർ ഗ്രേഡ് I ൪ ൫
,, II ൩ ൫
,, III ൩ ൦

ഡെപ്യൂട്ടി റേഞ്ചർ എന്ന ലാവണം നിറുത്തലാക്കി.

റേഞ്ചർ ഗ്രേഡ് I ൱. ൨൫ ൦—൨ ൭ ൫
,, II ൬ ൦—൨൫ ൦

(സി) അറിഞ്ഞുകൂടാ.

(ഡി) ഇല്ല.

(ഇ) മുൻ ഉത്തരമനുസരിച്ച് ഈ ചോദ്യം ഉദിക്കുന്നില്ല.

ഡോക്ടർമാർ

*൨൫൫. (൨൦൫) ശ്രീ. പി. കെ. രാമൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മെഡിക്കൽ മന്ത്രി സദയം മറുപടി നൽകുമോ.—

എറണാകുളം ഡിസ്ട്രിക്ട് ആശുപത്രിയിലും, കൊച്ചി പ്രദേശത്തെ മറ്റു ഗവണ്മെണ്ട് ആശുപത്രികളിലുംകൂടി എത്ര സജ്ജന്മാരും സീനിയർമാരും ഓണററിയായി ജോലിനോക്കുന്നുണ്ട്?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): കൊച്ചി പ്രദേശത്തെ വിവിധ ആശുപത്രികളിൽ ജോലിനോക്കുന്ന ഓണററി ഡോക്ടറന്മാരുടെ എണ്ണം താഴെ കാണുംപ്രകാരമാണ്.

1.	General Hospital, Ernakulam	.. 9
2.	Civil Hospital, Trichur	.. 7
3.	Maharaja's Hospital, Palluruthy	.. 3
4.	Maternity Hospital, Trichur	.. 3
5.	Ophthalmic Hospital, Ernakulam	.. 3
6.	Kunnamkulam Hospital	.. 2
7.	Irinjalakuda Hospital	.. 2
8.	Ayyampilly Dispensary	.. 2
9.	Chalakudy Hospital	.. 1
10.	Crangannoore Hospital	.. 1
11.	Nemmara Hospital	.. 1
12.	Anthikad Dispensary	.. 2
13.	Chittoor Hospital	.. 1
14.	Narakkal Dispensary	.. 1

ഭക്ഷ്യക്ഷാമം

*൨൫൬. (൨൦൬) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിഭവമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഈ സംസ്ഥാനത്തെ ഭക്ഷ്യനില ഇത്ര ഗുരുതരമായ അവസ്ഥയിൽ എത്തിച്ചേരുന്നതിനുണ്ടായ കാരണങ്ങൾ എന്തെല്ലാമെന്നു പറയുമോ;

(ബി) ഇവിടത്തെ സാധുജനങ്ങൾ ഭക്ഷ്യക്ഷാമം മൂലം അനുഭവിക്കുന്ന ഉത്കണ്ഠാകരമായ അവസ്ഥയിൽനിന്നും അവരെ രക്ഷപ്പെടുത്തുന്നതിന് ഗവണ്മെണ്ട് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഗവണ്മെണ്ടിന്റെ പക്കൽ ഉണ്ടായിരുന്ന സ്റ്റോക്ക് വളരെ കുറവായതുകൊണ്ടും പുറമെനിന്നു വേണ്ടിടത്തോളം സ്റ്റോക്ക് കിട്ടാതിരുന്നതിനാലും

LIBRARY ARCHIVES Kerala Legislative Assembly

ആണ് ആഗസ്റ്റ് മാസത്തിലും സെപ്റ്റംബർ ആദ്യത്തിലും സംസ്ഥാനത്തിലെ ഭക്ഷ്യ നില അല്പം മോശമായത്.

(ബി) ഭക്ഷ്യോല്പാദനം, ഭക്ഷ്യധാന്യസംഭരണം ഇവ വർദ്ധിപ്പിക്കുവാൻ വേണ്ട സത്വരനടപടികൾ ഗവൺമെണ്ടു് കൈക്കൊണ്ടിട്ടുണ്ടു്. കൂടാതെ സംസ്ഥാനത്തേക്കുള്ള അരിയുടെ കോട്ട വർദ്ധിപ്പിക്കുവാൻ ഇന്ത്യാ ഗവൺമെണ്മിനോടു് ആവശ്യപ്പെട്ടിട്ടുണ്ടു്.

ജനസംഖ്യ

*൨൯൭. (൨൯൦) സംഘിബ് ബഹദൂർ കെ. എച്ച്. സുലൈമാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) മട്ടാഞ്ചേരി മുനിസിപ്പൽ അതൃത്തിയിലെ ജനസംഖ്യ എത്ര;

(ബി) റേഷൻകാർഡനുസരിച്ചുള്ള ജനസംഖ്യ എത്ര?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കഴിഞ്ഞ സെൻസസ് റിപ്പോർട്ടനുസരിച്ചു് ൪൩൨൪൭.

(ബി) റേഷൻകാർഡനുസരിച്ചുള്ള ഇപ്പോഴത്തെ ജനസംഖ്യ ൫൫൯൭൫.

*൨൯൮. (൨൯൧) ശ്രീ. കൃഷ്ണനയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇൻഡ്യാ ഗവൺമെണ്ടിന്റെ മേബർ മിനിസ്ട്രിയിൽനിന്നും റിസെറ്റിൽമെന്റ് ആൻഡ് എമ്പ്ലോയിമെന്റ് എന്ന പേരിൽ നടത്തുന്ന ഡിപ്പാർട്ട്മെണ്ടിന്റെ വല്ല വിഭാഗവും (എനിസെക്ഷൻ) തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തു പ്രവർത്തനം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതു് നിലയിലുള്ള പ്രവർത്തനമാണു് നടത്തുന്നതു്?

(ബി) ഏതു എംപ്ലോയിമെന്റ് എക്സ്ചെയിഞ്ചസ് ഈ സംസ്ഥാനത്തു പ്രവർത്തനം നടത്തുന്നുണ്ടു്; ൧൯൪൯-ൽ ഈ സംസ്ഥാനത്തു് ഏതെല്ലാം പ്രവർത്തികൾ നടത്തിയിട്ടുണ്ടു്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്. തിരുവനന്തപുരത്തു് അസി. ഡയറക്ടർ ഓഫ് റീ സെറ്റിൽമെന്റ് ആൻഡ് എമ്പ്ലോയിമെന്റിന്റെ കീഴിൽ ഒരു എമ്പ്ലോയിമെന്റ് എക്സ്ചെയിഞ്ച് ആഫീസും എറണാകുളത്തു് ഒരു ഡിസ്ട്രിക്ട് എമ്പ്ലോയിമെന്റ് ഓഫീസും പ്രവർത്തനം നടത്തുന്നുണ്ടു്. ഈ ഓഫീസുകളുടെ ഭരണപരമായ നിയന്ത്രണം ൧൯൪൮ ഏപ്രിൽമാസം ൧-ാംതീ മുതൽ ഇൻഡ്യാ ഗവൺമെണ്ടു് ഏറ്റെടുത്തിരിക്കയാണു്. ഉദ്യോഗത്തിനു് ആവശ്യമുള്ളവർ അവരുടെ പേർ ഈ ഓഫീസുകളിൽ രജിസ്റ്റർചെയ്കയും ഒഴിവുകൾ ഈ ഓഫീസുകളിൽ അറിയിക്കുന്ന മുറക്കു് അപേക്ഷകരുടെ യോഗ്യത പരിഗണിച്ചു് ഉദ്യോഗം കിട്ടുന്നതിനു വേണ്ട സഹായങ്ങൾ ചെയ്കയും ചെയ്തുവരുന്നുണ്ടു്.

(ബി) രണ്ടു് എമ്പ്ലോയിമെന്റ് എക്സ്ചെയിഞ്ചുകൾ ഈ സംസ്ഥാനത്തു പ്രവർത്തനം നടത്തുന്നുണ്ടു്. പല എമ്പ്ലോയെഴ്സിനെ സമീപിച്ചു് പലർക്കും ജോലി വാങ്ങിക്കൊടുത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly